REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 15-12-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി നാല് ദിവസത്തെ ജോർദാൻ, എത്യോപ്യ, ഒമാൻ പര്യടനത്തിന് യാത്ര തിരിച്ചു.**
- **പ്രധാനമന്ത്രി നരേന്ദ്രമോദിക്കെതിരായ അപകീർത്തി പരാമർശത്തിൽ NDA പ്രതിഷേധത്തെ തുടർന്ന് പാർലമെന്റിന്റെ ഇരു സഭകളും ഉച്ച വരെ നിർത്തിവെച്ചു.**
- **തദ്ദേശ തെരെഞ്ഞെടുപ്പ് ഫലം വിലയിരുത്താൻ LDF യോഗം നാളെ തിരുവനന്തപുരത്ത് ചേരും.**
- **93-ാമത് ശിവഗിരി തീർത്ഥാടനത്തിന് തുടക്കമായി.**
- **സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ രണ്ടാം സെമിയിൽ ഇന്ന് തൃശൂർ, മലപ്പുറത്തെ നേരിടും.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി നാല് ദിവസത്തെ ജോർദാൻ, എത്യോപ്യ, ഒമാൻ പര്യടനത്തിന് യാത്ര തിരിച്ചു. സന്ദർശനത്തിന്റെ ആദ്യ ഘട്ടത്തിൽ അബ്ദുല്ല രണ്ടാമൻ ബിൻ അൽ ഹുസൈൻ രാജാവിന്റെ ക്ഷണപ്രകാരമാണ് പ്രധാനമന്ത്രി ജോർദാനിലെത്തുന്നത്. ജോർദാനുമായി നയതന്ത്രബന്ധം സ്ഥാപിച്ചതിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ചാണ് പ്രധാനമന്ത്രിയുടെ സന്ദർശനം.

നാളെ എത്യോപ്യയിലേക്ക് പോകുന്ന നരേന്ദ്രമോദി, എത്യോപ്യൻ പ്രധാനമന്ത്രിയുമായി ഉഭയകക്ഷി ബന്ധത്തിൽ വിശാല ചർച്ചകൾ നടത്തും. നരേന്ദ്ര മോദിയുടെ ആദ്യ എത്യോപ്യൻ സന്ദർശനമാണിത്.

സന്ദർശനത്തിന്റെ അവസാന ഘട്ടത്തിൽ പ്രധാനമന്ത്രി ഒമാനിലെത്തും. ഇരു രാജ്യങ്ങളും തമ്മിലെ നയതന്ത്ര ബന്ധത്തിന്റെ 70-ാം വാർഷികത്തോടനുബന്ധിച്ച് ഒമാൻ സുൽത്താൻ ഹൈതം ബിൻ താരിക്കിനെ പ്രധാനമന്ത്രി കാണും.

✪✪✪

മുഖ്യ വിവരാവകാശ കമ്മീഷണറായി രാജ്കുമാർ ഗോയൽ രാഷ്ട്രപതി ഭവനിൽ സത്യപ്രതിജ്ഞ ചെയ്തു. രാഷ്ട്രപതി ദ്രൗപതി മുർമു അദ്ദേഹത്തിന് സത്യവാചകം ചൊല്ലിക്കൊടുത്തു. കഴിഞ്ഞ ആഴ്ച പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ ചേർന്ന സമിതി എട്ട് വിവരാവകാശ കമ്മീഷണർമാരേയും നാമനിർദേശം ചെയ്തിട്ടുണ്ട്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിക്കെതിരായ അപകീർത്തി പരാമർശത്തിൽ കോൺഗ്രസ് നേതൃത്വം മാപ്പ് പറയണമെന്ന് ആവശ്യപ്പെട്ട് NDA അംഗങ്ങൾ നടപടികൾ തടസ്സപ്പെടുത്തി. ഇതേ തുടർന്ന് പാർലമെന്റിന്റെ ഇരു സഭകളും ഉച്ച വരെ നിർത്തിവെച്ചു.

പ്രധാനമന്ത്രിയ്ക്കെതിരെ കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെയും ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും ഉയർത്തിയ അപകീർത്തിപരമായ മുദ്രാവാക്യങ്ങളെ പാർലമെന്ററി കാര്യമന്ത്രി കിരൺ റിജിജു അപലപിച്ചു. ഇരുവരും രാജ്യത്തോടും പാർലമെന്റിനോടും മാപ്പ് പറയണമെന്ന് അദ്ദേഹം ഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. BJP യും NDA യും ആരുടേയും ജീവന് നേരെ ഭീഷണിയുയർത്തിയിട്ടില്ലെന്ന് റിജിജു ഓർമ്മിപ്പിച്ചു.

✪✪✪

തിരഞ്ഞെടുപ്പ് പരിഷ്കരണങ്ങൾ സംബന്ധിച്ച ചർച്ച രാജ്യസഭയിൽ ഇന്നും തുടരും. ധനവിനിയോഗ ബിൽ കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ഇന്ന് ലോക്സഭയിൽ അവതരിപ്പിക്കും.

✪✪✪

ഇന്ത്യയുടെ ഉരുക്ക് മനുഷ്യൻ സർദാർ വല്ലഭായ് പട്ടേലിന് 75-ാം ചരമവാർഷിക ദിനത്തിൽ ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണനും പ്രധാനമന്ത്രി നരേന്ദ്രമോദിയും സ്മരണാഞ്ജലി അർപ്പിച്ചു. നാട്ടുരാജ്യങ്ങളുടെ സംയോജന ത്തിലും അഖിലേന്ത്യാ സർവീസുകളുടെ അടിത്തറ പാകുന്നതിലും സർദാർ വല്ലഭായ് പട്ടേൽ നിർണായക പങ്ക് വഹിച്ചതായും അതുവഴി രാജ്യത്തിന്റെ ഐക്യവും ഭരണ ചട്ടക്കൂടും ശക്തിപ്പെടുത്തിയതായും ഉപരാഷ്ട്രപതി

സമൂഹമാധ്യമത്തിൽ കുറിച്ചു. അവിഭക്തവും ശക്തവുമായ ഭാരത സൃഷ്ടിക്ക് പട്ടേൽ നൽകിയ സംഭാവനകൾ രാഷ്ട്രം എന്നും ഓർക്കുമെന്ന് നരേന്ദ്രമോദി സമൂഹമാധ്യമത്തിൽ കുറിച്ചു.

✪✪✪

ഓസ്ട്രേലിയയിൽ, സിഡ്നിയിലെ ബോണ്ടി ബീച്ചിലെ വെടിവയ്പ്പിൽ മരിച്ചവരുടെ എണ്ണം 15 ആയി ഉയർന്നു. ഭീകരാക്രമണത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി ശക്തമായി അപലപിച്ചു.

വിദേശകാര്യ മന്ത്രി ഡോ. S. ജയശങ്കർ ഓസ്ട്രേലിയൻ വിദേശകാര്യ മന്ത്രി പെന്നി വോങ്ങുമായി ടെലിഫോണിൽ സംഭാഷണം നടത്തി. ബോണ്ടി ബീച്ച് ഭീകരാക്രമണത്തിൽ അഗാധമായ അനുശോചനം അറിയിക്കുകയും പൂർണ്ണ പിന്തുണ വാഗ്ദാനം ചെയ്യുന്നുവെന്നും കേന്ദ്രമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

✪✪✪

തീവ്രവോട്ടർപട്ടിക പരിഷ്കരണത്തിൽ കേരളത്തിലെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന് CPI കുറ്റപ്പെടുത്തി. മരിച്ചവരുടെ കണക്ക് കണ്ടെത്തിയതിൽ പിശകുണ്ടെന്ന് CPIM ഉം മുസ്ലീം ലീഗും കുറ്റപ്പെടുത്തി. തിരുവനന്തപുരത്ത് മുഖ്യതെരഞ്ഞെടുപ്പ് ഓഫീസറാണ് രാവിലെ യോഗം വിളിച്ചത്. ദേശീയ - സംസ്ഥാന പാർട്ടി പ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

തദ്ദേശ തെരെഞ്ഞെടുപ്പ് ഫലം വിലയിരുത്താൻ LDF യോഗം നാളെ തിരുവനന്തപുരത്ത് ചേരും. നിയമസഭാ തെരഞ്ഞെടുപ്പിന് മാസങ്ങൾ മാത്രം ശേഷിക്കെ തിരിച്ചു വരവിന് ആവശ്യമായ പ്രവർത്തനങ്ങൾ യോഗം ചർച്ച ചെയ്യുമെന്നാണ് റിപ്പോർട്ട്. തെരെഞ്ഞെടുപ്പ് ഫലം വിലയിരുത്താൻ CPIM സംസ്ഥാന സെക്രട്ടറിയേറ്റ് യോഗം തിരുവനന്തപുരത്ത് ചേരുകയാണ്.

✪✪✪

തദ്ദേശ തെരഞ്ഞെടുപ്പിൽ LDF നുണ്ടായ പരാജയം ഗൗരവമായി പരിശോധിക്കുമെന്ന് CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം പറഞ്ഞു. പരിശോധന കമ്മ്യൂണിസ്റ്റ് ചുമതലയാണെന്നും ഇന്നത്തെ കമ്മിറ്റികൾ അതിന് തുടക്കമിടുമെന്നും അദ്ദേഹം പറഞ്ഞു. ഇടത് പക്ഷം തിരിച്ചുവരുമെന്നും കേരളത്തിന്റെ ഭാവി ഇടതുപക്ഷമായിരിക്കുമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ശബരിമല സന്നിധാനത്ത് തീർഥാടകരുടെ എണ്ണം വർദ്ധിക്കുന്നു. ഈ മാസം 27ന് മണ്ഡലപൂജ നടക്കും. അടുത്തമാസം 14നാണ് മകരവിളക്ക് മഹോത്സവം.

പത്തനംതിട്ടയിൽ നിന്ന് ശ്രീജി S ശ്രീധർ

..........വോയ്സ്..........

മണ്ഡലപൂജയ്ക്ക് 11 നാൾ മാത്രം ബാക്കിനിൽക്കേ സന്നിധാനത്ത് ദർശനത്തിനെത്തുന്ന തീർഥാടകരുടെ എണ്ണം വർദ്ധിക്കുകയാണ്. ഇന്ന് നടതുറന്നതുമുതൽ രാവിലെ 10 വരെ 36,971 പേരാണ് ദർശനം നടത്തിയത്. ഇതിൽ സ്പോട്ട് ബുക്കിംഗിലൂടെ 5227പേരും ദർശനം നടത്തി. തിരക്ക് നിയന്ത്രണത്തിന്റെ ഭാഗമായി ഭക്തരെ മരക്കൂട്ടം മുതൽ നടപ്പന്തൽ വരെ ഘട്ടംഘട്ടമായി തിരിച്ചാണ് ദർശനത്തിനായി കടത്തി വിടുന്നത്. ഇതര സംസ്ഥാനക്കാരയ തീർഥാടകരുടെ എണ്ണത്തിലും വലിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഈ മാസം 23 ന്ആറന്മുളയിൽ നിന്ന് സന്നിധാനത്തേയ്ക്ക് തിരിക്കുന്ന തങ്കയങ്കിഘോഷയാത്ര 26 വൈകിട്ട് സന്നിധാനത്തെത്തി അയ്യപ്പനു അങ്കിചാർത്തി ദീപാരാധന നടക്കും. 27നാണ് മണ്ഡലപൂജനടക്കുക. 26ന് 30,000 പേർക്കും 27ന് 35,000 പേർക്കും വെർച്വൽ ക്യൂ വഴിയും സ്പോട്ട് ബുക്കിംഗ് വഴി 5000 പേർക്കുമായിരിക്കും ദർശനം അനുവദിക്കുക. ക്രിസ്തുമസ് അവധികൂടി വരുന്നതിനാൽ ഇനിയുള്ള ദിവസങ്ങളിൽ തിരക്ക് ഇനിയും വർദ്ധിക്കും. അടുത്തമാസം 14ന് മകരവിളക്ക് മഹോത്സവവും നടക്കും

✪✪✪

ശബരിമല സ്വർണപ്പാളിക്കേസിൽ തൊണ്ടി മുതൽ കണ്ടെടുക്കാൻ പൊലീസിന്റെയോ ഗവൺമെന്റിന്റെയോ ഭാഗത്ത് നിന്ന് നടപടിയുണ്ടാവുന്നില്ലെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. കോടികളുടെ അമൂല്യ പുരാവസ്തുവാണ് ശബരിമലയിൽ നിന്ന് നഷ്ടമായതെന്നും അത് രാജ്യാന്തര വിപണിയിലേക്ക് കടത്തികൊണ്ടുപോയെന്ന് സംശയിക്കുന്നുവെന്നും SIT-ക്ക് ഇന്നലെ മൊഴി നൽകിയതായി ചെന്നിത്തല അറിയിച്ചു. കേരളത്തിലെ ക്ഷേത്രങ്ങളിലെ പുരാവസ്തുക്കൾ വിറ്റ് തുലയ്ക്കാൻ ഗൂഢശ്രമം ഉണ്ടെന്നും അദ്ദേഹം പറഞ്ഞു.

UDF ന്റെ തദ്ദേശ തെരഞ്ഞെടുപ്പ് വിജയത്തോടെ CPIM അക്രമം അഴിച്ചുവിടുകയാണെന്നും രമേശ് ചെന്നിത്തല ആരോപിച്ചു.

✪✪✪

ശബരിമല സ്വർണ്ണക്കൊള്ളയിൽ പ്രതിയായ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ എക്സിക്യൂട്ടീവ് ഓഫീസർ സുധീഷ് കുമാറിന്റെ ജാമ്യാപേക്ഷ കൊല്ലം വിജിലൻസ് കോടതി തള്ളി. കട്ടിളപ്പാളി കേസിലെയും, ദ്വാരപാലക കേസിലെയും ജാമ്യാപേക്ഷയാണ് കോടതി നിരസിച്ചത്.

✪✪✪

ശബരിമല സ്വർണക്കൊള്ള കേസിൽ റിമാൻഡിലായിരുന്ന ഉണ്ണികൃഷ്ണൻ പോറ്റിയേയും, മുരാരി ബാബുവിനെയും രണ്ട് ദിവസത്തേക്ക് പ്രത്യേക അന്വേഷണ സംഘത്തിന്റെ കസ്റ്റഡിയിൽ വിട്ടു. പുതുതായി ശേഖരിച്ച തെളിവുകളുടെ അടിസ്ഥാനത്തിൽ ചോദ്യംചെയ്യാൻ ഇരുവരെയും കസ്റ്റഡിയിൽ വേണമെന്ന SIT-യുടെ അപേക്ഷ പരിഗണിച്ച കൊല്ലം വിജിലൻസ് കോടതിയുടേതാണ് നടപടി.

✪✪✪

സ്വർണ്ണവില വർദ്ധിച്ചു. പവന് 600 രൂപ കൂടി 98,800 രൂപയായി. ഗ്രാമിന് 12,350 രൂപയാണ് ഇന്നത്തെ വില.

✪✪✪

93-ാമത് ശിവഗിരി തീർത്ഥാടനത്തിന് തുടക്കമായി. വർക്കല ശിവഗിരിയിൽ V ജോയ് MLA തീർത്ഥാടനം ഉദ്ഘാടനം ചെയ്തു. ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി സച്ചിദാനന്ദ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

തിരുവനന്തപുരത്ത് നിന്ന് രെജു കോലിയക്കോട്...

.......വോയ്സ്........

93 ആമത് ശിവഗിരി തീർത്ഥാടനത്തോടനുബന്ധിച്ച് ഈ മാസം 29 വരെ ഗുരുദേവകൃതികളെയും ദർശനത്തെയും ആസ്പദമാക്കി വിവിധ സമ്മേളനങ്ങൾ സംഘടിപ്പിക്കും. ശിവഗിരി മഠത്തിലെ സംന്യാസിമാരും പ്രശസ്ത പ്രഭാഷകരും സമ്മേളന പരിപാടികളിൽ പ്രഭാഷണങ്ങൾ നടത്തും.സെമിനാറുകളും ദിവസവും ഗുരുദേവകൃതി പാരായണവും ഉണ്ടാകും.

'ഗുരുസാഗരം' സമ്മേളനവും സംവാദവും, പാരമ്പര്യ വൈദ്യസംഗമം, അക്ഷരശ്ലോക സദസ്സ്, യുവജനസമ്മേളനം, ഗുരുദേവ കഥാമൃതം, ആചാര്യസ്മൃതി, പരിസ്ഥിതി സംരക്ഷണ സമ്മേളനം, പിന്നാക്ക സമുദായ സമ്മേളനം, ഗുരുധർമ്മ പ്രചരണസഭാ സമ്മേളനം, സത്യവ്രത സ്വാമി ശതാബ്ദി സമ്മേളനം, എം.പി.മൂത്തേടത്ത് അനുസ്മരണം എന്നിവയും തീർത്ഥാടനത്തിന്റെ ഭാഗമായി നടക്കും.

ഗുരു - സ്വാമി ശ്രദ്ധാനന്ദജി സമാഗമ ശതാബ്ദി സ്മൃതി സമ്മേളനം, ഹോമമന്ത്ര ശതാബ്ദി അഖണ്ഡ ശാന്തിഹവനം, മഹാപ്രശ്നോത്തരി, ശ്രീനാരായണ കൽച്ചൂരി സമ്മേളനം, എന്നിവയും സംഘടിപ്പിക്കും. ഈ മാസം 21 മുതൽ വൈകുന്നേരങ്ങളിൽ വിവിധ കലാപരിപാടികളും അരങ്ങേറും.

ശിവഗിരി തീർഥാടനത്തോടനുബന്ധിച്ച് 26,27,28 തീയതികളിൽ രക്തദാന ക്യാമ്പും സംഘടിപ്പിക്കും. ഈ മാസം 30,31, ജനുവരി 1 തീയതികളിലാണ് ശിവഗിരി മഹാ തീർത്ഥാടനം.

✪✪✪

30-ാമത് കേരള അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ നാലാം ദിനമായ ഇന്ന് 74 ചിത്രങ്ങൾ പ്രദർശിപ്പിക്കും. സിസ്സാക്കോയുടെ 'ലൈഫ് ഓൺ എർത്ത്', 'ബ്ലാക്ക് ടീ', എന്നീ ചിത്രങ്ങൾ ഇന്ന് പ്രദർശിപ്പിക്കുന്നുണ്ട്. ഹോമേജ് വിഭാഗത്തിൽ ഷാജി എൻ കരുൺ സംവിധാനം ചെയ്ത 'കുട്ടിസ്രാങ്ക്' ഇന്ന് പ്രദർശിപ്പിക്കും. സമകാലിക മലയാളം സിനിമാ വിഭാഗത്തിൽ ഫാസിൽ റസാഖിന്റെ 'മോഹം' വൈകിട്ട് പ്രദർശിപ്പിക്കും.

ലോക സിനിമ വിഭാഗത്തിലെ ഇരുപതോളം ചിത്രങ്ങൾ, ഇന്ത്യൻ സിനിമ നൗ' വിഭാഗത്തിലെ സോങ്സ് ഓഫ് ഫോർഗോട്ടൻ ട്രീസ്, കൂടാതെ സിഗ്നേച്ചേഴ്സ് ഇൻ മോഷൻ വിഭാഗത്തിലെ അനിമേഷൻ ചിത്രങ്ങളായ ആർക്കോ, ദ ഗേൾ ഹൂ സ്റ്റോൾ ടൈം എന്നിവയും ഇന്ന് പ്രദർശിപ്പിക്കും.

ഈ വർഷത്തെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നേടിയ മൗറിത്താനിയൻ സംവിധായകനും തിരക്കഥാകൃത്തുമായ അബ്ദെർറഹ്മാൻ സിസ്സാക്കോ, സംവിധായകൻ G. അരവിന്ദൻ സ്മാരക പ്രഭാഷണം നടത്തും.

✪✪✪

ഇന്ത്യ - ദക്ഷിണാഫ്രിക്ക ട്വന്റി 20 പരമ്പരയിലെ നാലാം മത്സരം മറ്റന്നാൾ ലഖ്നൗവിൽ. ഇന്നലെ ധരംശാലയിൽ മൂന്നാം മത്സരത്തിൽ ഇന്ത്യ, ദക്ഷിണാഫ്രിക്കയെ ഏഴ് വിക്കറ്റിന് തോൽപ്പിച്ചിരുന്നു. ഇതോടെ അഞ്ച് മത്സര പരമ്പരയിൽ രണ്ടെണ്ണം ജയിച്ച് ഇന്ത്യ മുന്നിട്ട് നിൽക്കുകയാണ്. പരമ്പരയിലെ അവസാന മത്സരം വെള്ളിയാഴ്ച അഹമ്മദാബാദിലെ നരേന്ദ്രമോദി സ്റ്റേഡിയത്തിൽ നടത്തും.

✪✪✪

സ്ക്വാഷ് ലോകകപ്പ് കിരീടം നേടി ചരിത്രം കുറിച്ച ഇന്ത്യൻ ടീമിനെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു. ജോഷ്ന ചിന്നപ്പ, അഭയ് സിംഗ്, വേലവൻ സെന്തിൽകുമാർ, അനാഹത് സിംഗ് എന്നിവരടങ്ങിയ ടീമാണ് കിരീടം സ്വന്തമാക്കിയത്. അവരുടെ അർപ്പണബോധവും ദൃഢനിശ്ചയവും

അച്ചടക്കവും രാജ്യത്തിന് അന്തസ്സ് കൂട്ടിയെന്ന് പ്രധാനമന്ത്രി സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. ഇന്ത്യൻ കായിക മേഖല ലോക നിലവാരത്തിലേക്ക് ഉയരുന്നുവെന്നതിന് തെളിവാണ് കിരീടനേട്ടമെന്നും പ്രധാനമന്ത്രി വിലയിരുത്തി.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽരണ്ടാം സെമിയിൽ ഇന്ന് തൃശൂർ, മലപ്പുറത്തെ നേരിടും. തൃശൂർ കോർപ്പറേഷൻ സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം. ഇന്നലെ കോഴിക്കോട്ട് ആദ്യ സെമിയിൽ മറുപടിയില്ലാത്ത ഒരു ഗോളിന് നിലവിൽ ജേതാക്കളായ കാലിക്കറ്റ് FC-യെ തോൽപ്പിച്ച് കണ്ണൂർ വാരിയേഴ്സ് FC ഫൈനലിൽ എത്തി. 19ന് കണ്ണൂരിലാണ് ഫൈനൽ.

✪✪✪

ചെറുകഥാകൃത്തും നാടകകൃത്തും നോവലിസ്റ്റുമായ മാഹിയിലെ M. രാഘവൻ അന്തരിച്ചു. എഴുത്തുകാരൻ M.മുകുന്ദന്റ ജ്യേഷ്ഠ സഹോദരനാണ്. 1983-ൽ ഫ്രഞ്ച് എംബസ്സിയുടെ സാംസ്കാരികവിഭാഗം സെക്രട്ടറിയായാണ് വിരമിച്ചത്. സംസ്കാരം വൈകിട്ട് മാഹി പൊതു ശ്മശാനത്തിൽ നടത്തും.

✪✪✪

മുത്തപ്പൻ ആരൂഢസ്ഥാനമായ കണ്ണൂർ കുന്നത്തൂർ പാടി മുത്തപ്പൻ ദേവസ്ഥാനത്തെ ഈ വർഷത്തെ തിരുവപ്പന മഹോത്സവം ഡിസംബർ 17 മുതൽ ജനുവരി 15 വരെ നടത്തുമെന്ന് ട്രസ്റ്റി SK. കുഞ്ഞിരാമൻ നായനാർ കണ്ണൂരിൽ അറിയിച്ചു. ഒരുമാസം നീളുന്ന ഉത്സവത്തിൽ ലക്ഷക്കണക്കിന് ഭക്തർ എത്തിച്ചേരും.

✪✪✪

ഈ മാസത്തെ ക്ഷേമ പെൻഷൻ ഇന്നുമുതൽ വിതരണം ചെയ്യും. 63 ലക്ഷത്തിലേറെ പേർക്ക് രണ്ടായിരം രൂപ വീതം ലഭിക്കും.

✪✪✪

പ്ലസ് ടു വിദ്യാർത്ഥികളെ അധ്യാപകൻ മർദിച്ചെന്ന പരാതിയിൽ അധ്യാപകൻ ലിജോ ജോണിനെതിരെ ജാമ്യമില്ലാ വകുപ്പ് പ്രകാരം കേസെടുത്തു. കണ്ണൂർ പയ്യന്നൂർ ഗവ ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികൾക്കാണ് മർദനം. വിനോദയാത്രക്കിടെ ഉണ്ടായ തർക്കം അധ്യാപകന് വൈരാഗ്യമായി മാറിയെന്നാണ് FIR.

പറഞ്ഞുതീർക്കാൻ എന്ന പേരിൽ ലിജോ ജോണിന്റെ നാട്ടിലേക്ക് വിളിച്ചുവരുത്തി വിദ്യാർത്ഥികളെ മർദിച്ചെന്നാണ് പരാതി. ഇവർ തൃക്കരിപ്പൂരിലെ ആശുപത്രിയിൽ ചികിത്സയിൽ ആണ്

✪✪✪

അട്ടപ്പാടിയിൽ നവജാത ശിശുമരിച്ചു. ഷോളയൂർ സ്വർണ്ണപിരിവിൽ സുമിത്രയുടെ ആൺകുഞ്ഞാണ് മരിച്ചത്. ആറ് മാസം ഗർഭിണിയായിരുന്ന സുമിത്ര ഇന്ന് രാവിലെ വീട്ടിൽ പ്രസവിക്കുകയായിരിന്നുവെന്ന് ആരോഗ്യ പ്രവർത്തകർ പറഞ്ഞു.

✪✪✪

കേരള - കർണാടക അന്തർ സംസ്ഥാന പാതയായ മാക്കൂട്ടം ചുരത്തിൽ ടൂറിസ്റ്റ് ബസ് പൂർണമായും കത്തി നശിച്ചു.

പുലർച്ചെ വിരാജ് പേട്ടയിൽ ആളുകളെ ഇറക്കി തിരിച്ചു വരുന്ന വഴിയാണ് തീപിടുത്തം ഉണ്ടായത്. ഡ്രൈവറും ക്ലീനറുമായിരുന്നു ബസിലുണ്ടായിരുന്നത്. ആർക്കും പരിക്കില്ല.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: സബിത കെ*
*NRTs: അനിൽ ചന്ദ്രൻ*
*DEO : സി കെ സുബോധ്*